# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>2012-2013 സാമ്പത്തിക വർഷം ത്രിതല പഞ്ചായത്തുകൾക്ക് അനുവദിച്ച പദ്ധതി തുക</u>

3203 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013 സാമ്പത്തിക വർഷം ത്രിതല പഞ്ചായത്തുകൾക്കായി അനുവദിച്ച ആകെ പദ്ധതി ആസൂത്രണ തുക എത്രയാണ് ; വിശദമാക്കാമോ ;

(ബി) ഇതിൽ എന്തു തുക ചെലവഴിച്ചു ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിനായി എത്ര തുക ഉണ്ടായിരുന്നുവെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ;

(ഡി) ഓരോന്നിലും ബാക്കി വരുന്ന തുക ക്യാരി ഓവർ ചെയ്യുമോ ?

## കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>പഞ്ചായത്ത് വകുപ്പിന്റെ പദ്ധതി വിഹിത ചെലവ്</u>

3204 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് വകുപ്പിന്റെ സംസ്ഥാന പദ്ധതി വിഹിതത്തിൽ നാളിതുവരെ എത്ര രൂപ ചെലവഴിച്ചു;

(ബി) ചെലവിന്റെ ശതമാനം എത്രയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച പദ്ധതി വിഹിതം</u>

3205 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകൾ 2012-2013 സാമ്പത്തികവർഷം നാളിതുവരെ പദ്ധതിവിഹിതത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) പദ്ധതിവിഹിതത്തിന്റെ എത്ര ശതമാനം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഗവൺമെന്റ് സൃഷ്ടിക്കുന്ന സാങ്കേതികതടസ്സങ്ങളിൽപ്പെട്ട് പദ്ധതിവിഹിതം ചെലവഴിക്കാൻ കഴിയാതെ വരുകയും തുടർന്നുവരുന്ന സാമ്പത്തിക വർഷത്തെ പദ്ധതിവിഹിത്തിൽ നിന്നും കഴിഞ്ഞ വർഷത്തെ ചെലവഴിക്കപ്പെടാത്ത പദ്ധതിവിഹിതത്തിന്റെ തുക കുറവു ചെയ്യുകയും ചെയ്യുന്നതെന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>2012-13-ൽ പഞ്ചായത്തിന്റെ കീഴിൽ വരുന്ന സ്ഥാപനങ്ങൾക്ക് അനുവദിച്ച തുക</u>

3206 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 14 ജില്ലകളിലേയും പഞ്ചായത്തിന്റെ കീഴിൽവരുന്ന ജില്ലാ ആശുപത്രികൾക്കും ഹയർ സെക്കന്ററി സ്കൂൾ, ഹൈസ്കൂൾ എന്നിവയ്ക്കും 2012-13-ൽ അനുവദിച്ചിരുന്ന ബഡ്ജറ്റ് പ്രൊവിഷനും, എക്സ്പന്റിച്ചറും ഇനംതിരിച്ച് ജില്ലാ അടിസ്ഥാനത്തിൽ ഉള്ള കണക്ക് വിശദമാക്കാമോ?

(ബി) പ്രസ്തുത സ്ഥാപനങ്ങൾക്ക് 2013-14 വർഷത്തിൽ എത്ര തുകയാണ് നീക്കിവച്ചിരിക്കുന്നത്; ഏതൊക്കെ പദ്ധതികളാണ് പഞ്ചായത്തു വകുപ്പു മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ഇനം, ജില്ല, സ്ഥാപനം എന്നിവ തരംതിരിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ:

(സി) പഞ്ചായത്തിന്റെ കീഴിലുള്ള ജില്ലാ ആശുപത്രികളിൽ ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ള കിഡ്നി ഡയാലിസസ് സെന്ററുകൾക്ക് ഭൗതിക സൗകര്യം ഒരുക്കാൻ എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) മലപ്പുറം ജില്ലയിൽ തിരൂർ നിയോജകമണ്ഡലത്തിലെ ജില്ലാ ആയുർവേദ ആശുപത്രിയ്ക്കും, സ്കൂളുകൾക്കും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ഇ) 14 ജില്ലകൾക്ക് പഞ്ചായത്ത് അനുവദിച്ച തുക എത്ര; മലപ്പുറം ജില്ലയ്ക്ക് ആകെ അനുവദിച്ച തുക എത്ര; മലപ്പുറം ജില്ലയിലെ നിയോജകമണ്ഡലാടിസ്ഥാനത്തിൽ അനുവദിച്ച തുക എത്ര;

(എഫ്) ജില്ലാ പഞ്ചായത്തുകൾവഴി അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനായി ആശുപത്രി, സ്കൂൾ എന്നിവയ്ക്ക് 2012-14 വർഷം അനുവദിച്ചിട്ടുള്ള തുക എത്ര? ഇനംതിരിച്ച് ജില്ലാടിസ്ഥാനത്തിലെ കണക്ക് വ്യക്തമാക്കാമോ:

## കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

(ജി) ഗ്രാമപഞ്ചായത്തുകളിലെ എൽ.പി., യു.പി. സ്കൂളുകളുടെ ശോചന്യാവസ്ഥ പരിഹരിക്കുന്നതിന് സ്കൂൾകെട്ടിടം, മൂത്രപ്പുര, സയൻസ് ലാബ്, ലൈബ്രറി തുടങ്ങിയവ സജ്ജീകരിക്കുന്നതിന് സർക്കാർ പ്രത്യേകം വിഹിതം അനുവദിക്കുന്നുണ്ടോ; എങ്കിൽ തുക എത്രയാണെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ; ഇല്ലെങ്കിൽ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; അനുവദിച്ച് കിട്ടുന്ന തുക മുഴുവനും ചെലവഴിക്കുന്നു എന്നുള്ളത് ഉറപ്പു വരുത്താൻ എന്തു സംവിധാനമാണ് എടുത്തിട്ടുള്ളതെന്നുകൂടി വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്തുകളിൽ മാർച്ച് 31 വരെയുള്ള പദ്ധതിച്ചെലവ്</u>

3207 ശ്രീ.പി.ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ മാർച്ച് 31 വരെയുള്ള പദ്ധതിച്ചെലവ് എത്ര ശതമാനമാണെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) പദ്ധതികളിൽ ചെലവഴിക്കാനാവാത്ത തുക ഇ.എം.എസ്, ഐ.എ.വൈ ഭവന പദ്ധതികളുടെ അധികതുകയിലേയ്ക്ക് മാറ്റിയിടുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(സി) അതു പ്രകാരം ഗ്രാമപഞ്ചായത്തുകൾ തുക മാറ്റിയിട്ടിട്ടുണ്ടോ;

(ഡി) ഇങ്ങനെ മാറ്റിയിട്ട തുക 31.03.2013 വരെ അതത് ഗ്രാമപഞ്ചായത്തുകളുടെ ആകെ പദ്ധതിച്ചെലവിന്റെ എത്ര ശതമാനമാണെന്ന് വിശദമാക്കാമോ; ഇത് ജില്ല തിരിച്ച് ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

പുതിയ പഞ്ചായത്തുകൾ

3208 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) പുതിയ പഞ്ചായത്ത് രൂപീകരണവുമായി ബന്ധപ്പെട്ട എന്തെങ്കിലും നിർദ്ദേശങ്ങളോ റിപ്പോർട്ടുകളോ സർക്കാരിന്റെ പക്കൽ ഉണ്ടോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>പൊതു സർവീസ് രൂപീകരണം</u>

3209 ശ്രീ.സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 ഏപ്രിൽ മുതൽ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്,ഗ്രാമവികസനം, നഗരകാര്യം തുടങ്ങിയ വകുപ്പുകളെ ഏകോപിപ്പിച്ച് പൊതു സർവീസ് രൂപീകരിച്ചതിന്റെ ഭാഗമായി സ്പെഷ്യൽ റൂൾ തയ്യാറാക്കാൻ തദ്ദേശസ്വയംഭരണവകുപ്പു സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവായതു പ്രകാരം സ്പെഷ്യൽ റൂൾ തയ്യാറായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാലതാമസം വന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) പൊതു സർവീസ് രൂപീകരിച്ച മുൻ ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ റദ്ദ് ചെയ്ത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

ടെക്നോളജി റിസോഴ്സ് സെന്റർ

3210 ശ്രീ. ഷാഫി പറമ്പിൽ
,, പാലോട് രവി
,, എം. എ. വാഹിദ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ ടെക്നോളജി റിസോഴ്സ് സെന്റർ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത സെന്ററുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) പ്രസ്തുത സെന്ററുകൾ ആരംഭിക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത സെന്ററുകൾ നടപ്പാക്കുന്നത് എന്നറിയിക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>മികച്ച പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിൽ സംഭവിച്ച അപാകത</u>

3211 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയതലത്തിൽ കേരളത്തിലെ 3 മികച്ച പഞ്ചായത്തുകളെ തിരഞ്ഞെടുക്കുന്നതിൽ സംഭവിച്ച അപാകത സംബന്ധിച്ച് ഏങ്ങണ്ടിയൂർ (തൃശൂർ ജില്ല) പഞ്ചായത്ത് പ്രസിഡണ്ട് സമർപ്പിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(ബി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>ജാഗ്രതാസമിതികൾ</u>

3212 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. മുരളീധരൻ
,, വർക്കല കഹാർ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജാഗ്രതാസമിതികൾ രൂപീകരിക്കാൻ വനിതാകമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സമിതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) എവിടെയൊക്കെയാണ് ജാഗ്രതാസമിതികൾ രൂപീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ;

(ഡി) സ്ത്രീകളുടെ സുരക്ഷക്കായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ജാഗ്രതാസമിതി നടത്താനുദ്ദേശിക്കുന്നത് എന്നറിയിക്കുമോ?

## കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>എസ്.സി.പി., ടി.എസ്.പി. ഫണ്ടിന്റെ വിനിയോഗം</u>

3213

ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകൾ മുഖേന 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ എസ്.സി.പി, ടി.എസ്.പി. ഫണ്ടിന്റെ വിനിയോഗം എപ്രകാരമായിരുന്നു; മുൻ വർഷത്തെ ബാക്കിയും ബജറ്റ് വിഹിതവും ചേർന്ന് എത്ര തുകയാണ് ചെലവഴിക്കേണ്ടിയിരുന്നത്; അതിന്റെ എത്ര ശതമാനം ചെലവഴിച്ചു;

(ബി) ഈ ഫണ്ടിന്റെ വിനിയോഗം 2006-07 മുതൽ 2011-12 വരെ എത്ര ശതമാനമായിരുന്നു;

(സി) ഫണ്ട് വിനിയോഗം കുറയാൻ കാരണമെന്താണെന്നാണ് വിലയിരുത്തുന്നത്;

(ഡി) ഫണ്ട് വിനിയോഗം വർദ്ധിപ്പിക്കാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>ഭവന പദ്ധതികൾ</u>

3214 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 14.03.2013 ലെ 90/13 എൽ.എസ്.ജി.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഐ.എ.വൈ, ഇ.എം.എസ് ഭവന പദ്ധതികളിലെ ഗുണഭോക്തൃ വിഹിതം 2 ലക്ഷമാക്കിയതിന്റെ അധിക തുക ലഭിക്കുന്നതിന് 31.03.2013 നകം ലോൺ എടുത്തിരിക്കണം എന്ന് നിഷ്കർച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേവലം 12 ദിവസമാണ് ഇതിനായി ലഭിക്കുന്നത് എന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ഈ കുറഞ്ഞ കാലയളവിൽ കേരളത്തിലെ സഹകരണ ബാങ്കുകളിൽ നിന്ന് ഒരു തദ്ദേശസ്ഥാപനത്തിലും ലോൺ ലഭിക്കില്ല എന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും ഗുണകരമാകത്തക്കവിധത്തിൽ ലോൺ എടുക്കാവുന്ന കാലാവധി 6 മാസം വർദ്ധിപ്പിച്ച് നൽകുന്ന കാര്യം പരിഗണിക്കുമോ; അതിനായി പ്രത്യേകം ഉത്തരവിറക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) 2011-12 ൽ 15.09.11 മുതൽ കരാർ വെച്ചവർക്കുള്ള അധിക തുക പുതുതായി എടുക്കുന്ന ലോണിൽ നിന്ന് നൽകാനാവുമോ; ഇതു കാരണം ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ 2011-12 ലെ അധിക തുക ബ്ലോക്കുകൾ എവിടെ നിന്നാണ് കണ്ടെത്തുക എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>വീടുകൾ</u>

3215 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര വീടുകളുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് കണക്കെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) ആൾതാമസമില്ലാത്ത വീടുകൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ ജില്ലകൾ തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**03.04.2013-ലെ മറുപടിക്ക്**

<u>പുര പദ്ധതി</u>

3216

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'പുര' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; ഈ പദ്ധതി നടപ്പിലാക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കുന്നത്;

(ബി) കണ്ണൂർ ജില്ലയിലെ ഏതെങ്കിലും പഞ്ചായത്തിനെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് പുര പദ്ധതിയിൽ ഉൾപ്പെടുത്തിയ പഞ്ചായത്തുകൾ ഏതൊക്കെയാണ്; ഇവിടങ്ങളിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് ഇതുവഴി നടക്കുന്നത്?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

കുടുംബശ്രീക്ക് സംയോജിത മേൽനോട്ട സമിതി

3217 ശ്രീ. എം. എ. വാഹിദ്
,, ഷാഫി പറമ്പിൽ
,, പി.എ മാധവൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീക്ക് സംയോജിത മേൽനോട്ട സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സമിതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും ചിട്ടപ്പെടുത്തുന്നതിനുമായി എന്തെല്ലാം കാരൃങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) പ്രസ്തുത സമിതി ഏതെല്ലാം കാരൃങ്ങളിലാണ് വിലയിരുത്തലുകളും പിന്തുണയും മാർഗ്ഗനിർദ്ദേശവും നൽകുന്നത്; വിശദാംശങ്ങൾ നൽകുമോ?

**കേരള നിയമസഭ**
**03.04.2013-ലെ മറുപടിക്ക്**

<u>കുടുംബശ്രീ പ്രവർത്തകർക്ക് പുതിയ തൊഴിലവസരങ്ങൾ</u>

3218 ശ്രീ. പി. എ. മാധവൻ
,, ആർ. സെൽവരാജ്
,, എം. പി. വിൻസന്റ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണ പ്ലാന്റുകളിൽ എത്തിക്കുന്ന കുടുംബശ്രീ പ്രവർത്തകരായ വനിതകൾക്ക് മറ്റു ജോലികൾ ഒരുക്കാൻ പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) ആയതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

ഇ.എം.എസ് ഭവന പദ്ധതി പ്രകാരം അനുവദിച്ച തുക ബാങ്കുകളിൽ നിക്ഷേപിക്കാൻ നടപടി

T. 3219 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2009-10 സാമ്പത്തിക വർഷത്തിൽ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിനുവേണ്ടി ഇ.എം.എസ് ഭവന പദ്ധതി പ്രകാരം അനുവദിച്ച തുക പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഉപയോഗിക്കാതെ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര തുക പ്രസ്തുത ഇനത്തിൽ സംസ്ഥാനത്ത് ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുണ്ടെന്ന് ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) കണ്ണൂർ ജില്ലയിൽ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എത്ര രൂപ വീതം പ്രസ്തുത ഇനത്തിൽ നിക്ഷേപിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) മേൽ പറഞ്ഞ തുക പുതിയ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷ ഓൺലൈനാക്കാൻ നടപടി</u>

3220

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അഴിമതി വിമുക്തമാക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ മുഴുവൻ കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകളും ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

ഭവന പദ്ധതി രജിസ്റ്റർ ചെയ്യുന്നതിന്
സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ്

3221 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തമായി ആവിഷ്ക്കരിച്ച ഭവന പദ്ധതി രജിസ്റ്റർ ചെയ്യുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ വൻതുക ചെലവ് വരുന്നത് മൂലം ഗുണഭോക്താക്കൾക്ക് പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് ഇ. എം. എസ് ഭവന പദ്ധതിക്ക് നൽകിയത്പോലെ രജിസ്ട്രേഷൻ സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

പഞ്ചായത്ത് ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം

3222 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്ത് ഓഫീസുകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഓഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ;

**കേരള നിയമസഭ**
**03.04.2013-ലെ മറുപടിക്ക്**

<u>ജൈവവൈവിധ്യ നിയമം 2002 നടപ്പിലാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ</u>

3223 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജൈവവൈവിധ്യ നിയമം 2002 പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കേണ്ട ജൈവവൈവിധ്യ പരിപോഷണ പ്രവർത്തനങ്ങൾ ഏതൊക്കെയാണ് ;

(ബി) ജൈവവൈവിധ്യ പരിപാലന സമിതി നിലവിൽവന്ന എത്ര പഞ്ചായത്തുകളിൽ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ പൂർത്തീകരിച്ചു ;

(സി) നിയമം വ്യവസ്ഥ ചെയ്യുന്ന പ്രകാരം ലോക്കൽ ബയോ ഡൈവേഴ്സിറ്റി ഫണ്ട് രൂപവല്ക്കരിച്ച ഗ്രാമപഞ്ചായത്തുകൾ എത്ര ;

(ഡി) നിലവിൽ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ അടിസ്ഥാനമാക്കി സ്ട്രാറ്റജി & ആക്ഷൻ പ്ലാൻ തയ്യാറാക്കിയ ഗ്രാമപഞ്ചായത്തുകൾ എത്ര ;

(ഇ) ഇവ നടപ്പിൽ വരുത്തുന്നതിനുള്ള പ്രധാന തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>ജൈവവൈവിധ്യ രജിസ്റ്ററുകൾ</u>

3224 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജൈവവൈവിധ്യ ആക്ട് 2002 പ്രകാരം എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടുണ്ട്;

(ബി) ഇപ്പോൾ ജൈവവൈവിധ്യ രജിസ്റ്ററുകൾ സൂക്ഷിക്കുന്ന രീതി എങ്ങനെയാണ്;

(സി) ജൈവവൈവിധ്യ രജിസ്റ്ററുകളുടെ രഹസ്യസ്വഭാവം സംരക്ഷിക്കാൻ ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു;

(ഡി) ഇവ കൃത്യമായി പാലിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>ആസ്തി രജിസ്റ്റർ</u>

3225

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 02.12.2005 ലെ സർക്കാർ ഉത്തരവ് അനുസരിച്ച് സംസ്ഥാനത്തെ പഞ്ചായത്തുകളിൽ എല്ലാം തന്നെ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടോ ; പുരോഗതി വ്യക്തമാക്കാമോ ;

(ബി) കൊയിലാണ്ടി മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകൾ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട് ; തയ്യാറാക്കിയ രജിസ്റ്ററുകൾ ഡിജിറ്റലൈസ് ചെയ്യുന്ന നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പഞ്ചായത്തുകളിലെ ആസ്തി രജിസ്റ്ററിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

## കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>കുടിവെള്ള സ്രോതസ്സുകൾ</u>

3226

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളിലേയും കുളങ്ങൾ, ചെറിയതോടുകൾ എന്നിവ നവീകരിച്ച് കുടിവെള്ള സ്രോതസ്സുകൾ ആക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>പൊതുകിണറുകളുടെ പുനരുദ്ധാരണം</u>

3227 ശ്രീ.ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഗ്രാമപഞ്ചായത്തുപ്രദേശങ്ങളിലെ പൊതുകിണറുകൾ വൃത്തിയാക്കുകയും പുനരുദ്ധരിക്കുകയും ചെയ്യുന്നതിന് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത ആവശ്യത്തിലേക്കായി തുക വിനിയോഗിക്കുവാൻ ഗ്രാമപഞ്ചായത്തുകൾക്ക് അധികാരം നല്കിയിട്ടുണ്ടോ;

(സി) ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലുള്ള കുടിവെള്ള സ്രോതസ്സുകൾ നിർബന്ധമായും നവീകരിക്കണമെന്ന് നിർദ്ദേശം നൽകുവാൻ നടപടി കൈക്കൊള്ളുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>മഴവെള്ളസംഭരണി</u>

3228 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി നിർമ്മിക്കുന്ന വീടുകളിൽ മഴവെള്ളസംഭരണി നിർബ്ബന്ധമാക്കിയുള്ള ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; സംഭരണിയുടെ വലിപ്പത്തിനു പരിധി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) പുതിയ കെട്ടിടങ്ങൾക്കൊപ്പം പഴയ കെട്ടിടങ്ങളിൽക്കൂടി മഴവെള്ളസംഭരണി, റീചാർജ്ജബിൾ കിണർ എന്നിവ നിർമ്മിക്കുന്നതിനുള്ള നിയമവ്യവസ്ഥ കൊണ്ടുവരുമോ;

(സി) ആയതിനുള്ള സാമ്പത്തികസഹായം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നൽകുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

ജനനസർട്ടിഫിക്കറ്റിലെ പിശകുകൾ തിരുത്തിക്കിട്ടുന്നതിന് ഹാജരാക്കേണ്ട രേഖകൾ

3229 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനനസർട്ടിഫിക്കറ്റിലെ പേര്, പിതാവിന്റെ പേര്, മാതാവിന്റെ പേര്, മേൽവിലാസം എന്നിവയിൽ വന്നിട്ടുളള പിശകുകൾ തിരുത്തിക്കിട്ടുന്നതിന് എന്തെല്ലാം രേഖകളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹാജരാക്കേണ്ടതെന്ന് വിശദമാക്കുമോ;

(ബി) ആയതു സംബന്ധിച്ച ഉത്തരവുകളിലെ അവ്യക്തത കാരണം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന രേഖകളിൽ ഏകോപന സ്വഭാവമില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആയതു സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ഉത്തരവുകളിൽ വ്യക്തത വരുത്തിക്കൊണ്ട് സർക്കുലർ പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

3230 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിനും സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ ;

(ബി) മുസ്ലീം വ്യക്തി നിയമങ്ങൾ അനുസരിച്ച് മഹല്ലുകളിൽ രജിസ്റ്റർ ചെയ്യുന്ന വിവാഹങ്ങൾ പഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യുന്നതിനും സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനും നിയമ തടസ്സങ്ങളുണ്ടോ ; വ്യക്തമാക്കുമോ;

(സി) അത്തരം വിവാഹങ്ങൾക്ക് മഹല്ലുകൾ നൽകുന്ന വിവാഹ സർട്ടിഫിക്കറ്റുകൾക്ക് നിയമസാധുതയുണ്ടോ ;

(ഡി) ഇല്ലെങ്കിൽ നിയമ പരിരക്ഷ ഉറപ്പു വരുത്തുമോ ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>പഞ്ചായത്ത് സ്ക്കൂളുകളിലെ സാലറി ഹെഡ് ഗവൺമെന്റ് ഹെഡിനു കീഴിലാക്കുവാൻ നടപടി</u>

3231

ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊരട്ടി പഞ്ചായത്ത് എൽ.പി.സ്ക്കൂളിൽ സ്വീപ്പർ തസ്തിക (പി.റ്റി.സി.എം) സൃഷ്ടിക്കുന്നതിനുള്ള അപേക്ഷ പരിഗണനയിലുണ്ടോ;

(ബി) നൂറ്റി അമ്പത് കുട്ടികളിൽ കൂടുതൽ പഠിയ്ക്കുന്ന ഗവൺമെന്റ് എൽ.പി. സ്ക്കൂളുകളിൽ എച്ച്.എം. നു പുറമെ ഒരു ടീച്ചറെക്കൂടി അനുവദിയ്ക്കുന്ന ഉത്തരവു പ്രകാരം കൊരട്ടി പഞ്ചായത്ത് എൽ.പി. സ്ക്കൂളിൽ ഇപ്രകാരം ഒരു ടീച്ചർ തസ്തിക കൂടി അനുവദിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പഞ്ചായത്ത് സ്ക്കൂളുകളിലെ സാലറി ഹെഡ് എയിഡഡ് മേഖലയിൽ നിലനിൽക്കുന്നത് മാറ്റി ഗവൺമെന്റ് ഹെഡിനു കീഴിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

വൈദ്യുതശ്മശാനം നിർമ്മിക്കാൻ നടപടി

3232 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ലക്കിടി, അമ്പലപ്പാറ, പൂക്കോട്ടുകാവ് എന്നീ ഗ്രാമപഞ്ചായത്തുകൾക്കായി വൈദ്യുതശ്മശാനം നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത പ്രോജക്ടിനായി എത്ര രൂപയാണ് അനുവദിച്ചത്;

(സി) ലക്കിടി, അമ്പലപ്പാറ, പൂക്കോട്ട്കാവ് ഗ്രാമപഞ്ചായത്തുകൾക്കായുള്ള വൈദ്യുത ശ്മശാനം സ്ഥാപിക്കുന്നതിനായി ഏതു പഞ്ചായത്തിലാണ് ഭൂമി കണ്ടെത്തിയിട്ടുള്ളത് എന്നതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി ആരെയാണ് ചുമതലപ്പെടുത്തിയത്; വിശദാംശങ്ങൾ സർക്കാരിന് ലഭിച്ചുവോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രൊപ്പോസൽ സംബന്ധിച്ച വിശദാംശങ്ങൾ പഞ്ചായത്ത് ഡയറക്ടർ സർക്കാരിലേക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

താലൂക്കാശുപത്രികളുടെ നിയന്ത്രണം

3233

ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ സ്ഥിതി ചെയ്യുന്ന താലൂക്കാശുപത്രികളായി ഉയർത്തിയിട്ടുള്ള ആശുപത്രികൾ ഏത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലാണ് വരുന്നതെന്നറിയിക്കുമോ;

(ബി) ആയതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി

3234

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പഞ്ചായത്തു വകുപ്പ് മുഖേന നടപ്പിലാക്കിയ വികസന പദ്ധതികൾ ഏതൊക്കെയെന്നറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കുന്നവ ഏതെല്ലാം; പ്രസ്തുത പദ്ധതികളിൽ ഓരോന്നിനും ഭരണാനുമതി നൽകിയ തുകകൾ എത്ര വീതമെന്നറിയിക്കുമോ;

(സി) കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

പഞ്ചായത്ത് ഭരണസമിതി എടുത്തിട്ടുള്ള പ്രമേയങ്ങൾ

3235 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിലെ നിലവിലെ ഭരണസമിതികൾ പൊതുവികസനവുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ നടപടികൾക്കായി എടുത്തിട്ടുള്ള പ്രമേയങ്ങൾ (Resolution/Decision) ഏതെല്ലാം എന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പഞ്ചായത്ത് ഭരണസമിതിയും എടുത്തിട്ടുള്ള പ്രമേയങ്ങൾ പ്രത്യേകം വിശദമാക്കാമോ; പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) പഞ്ചായത്ത് ഭരണസമിതികൾ എടുത്തിട്ടുള്ള പ്രസ്തുത പ്രമേയങ്ങളിൽ ഏതിലെല്ലാം ബന്ധപ്പെട്ട വകുപ്പധികാരികൾ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) നടപടികൾ സ്വീകരിച്ചിട്ടില്ലാത്ത തീരുമാനങ്ങളിൽ നടപടികൾ സ്വീകരിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(ഇ) നടപടിയെടുത്തിട്ടുള്ള ഭരണസമിതി തീരുമാനങ്ങളിൽ നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>ജില്ലാ പഞ്ചായത്തു റോഡുകൾ</u>

3236

ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ ജില്ലാപ്പഞ്ചായത്തിന്റെ കൈവശമുള്ള റോഡുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിനായി തുക അനുവദിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

സ്ട്രീറ്റ് ലൈറ്റുകൾ 24 വാട്സ് എൽ.ഇ.ഡി. ലൈറ്റുകൾ ആക്കുന്നതിന് നടപടി

T. 3237 ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജക മണ്ഡലത്തിൽ ഡബിൾട്യൂബ് സ്ട്രീറ്റ് ലൈറ്റുകൾ സമ്പൂർണ്ണമായി 24 വാട്സ് എൽ.ഇ. ഡി. ലൈറ്റുകൾ ആക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ആയതിലേക്കായി എം.എൽ.എ.മാരുടെ ആസ്തിവികസനഫണ്ട് വിനിയോഗിക്കപ്പെടുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>നെടുങ്ങപ്ര ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം ഗവൺമെന്റ് ഐ.റ്റി.ഐക്ക് വിട്ടുനൽകുന്നത് സംബന്ധിച്ച്</u>

3238 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നെടുങ്ങപ്ര ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം ഗവൺമെന്റ് ഐ.റ്റി. ഐക്ക് വിട്ടുനൽകുന്നത് സംബന്ധിച്ച ആവശ്യം പരിഗണനയിലുണ്ടോ;

(ബി) വേങ്ങൂർ പഞ്ചായത്തിന്റെ 6.7.12-ലെ എ1/116/04 നമ്പർ കത്തുപ്രകാരം വേങ്ങൂർ പഞ്ചായത്തിന്റെ പ്രസ്തുത ആവശ്യം ഏത് തീയതിയിലാണ് പഞ്ചായത്ത് ഡയറക്ടറേറ്റിൽ ലഭിച്ചത്; ആയതിന്മേൽ ഡയറക്ടർ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) ഡയറക്ടറേറ്റിലെ 2.5.12-ലെ സി2/19740/12, 22.8.2012-ലെ ജി1-24172/12 നമ്പർ കത്തുകൾ പ്രകാരമുള്ള നടപടികളുടെ പൂർണ്ണ വിവരം ലഭ്യമാക്കുമോ;

(ഡി) എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 29.10.2012-ലെ ഡി1-11741/12 നമ്പർ കത്തു പ്രകാരമുള്ള റിപ്പോർട്ട് ഏത് തീയതിയിലാണ് ഡയറക്ടറേറ്റിൽ ലഭിച്ചത്, ആയത് ഡയറക്ടറേറ്റിൽ ഏതെല്ലാം ജീവനക്കാരാണ് കൈകാര്യം ചെയ്തിട്ടുള്ളത് - വിശദമാക്കുമോ;

(ഇ) റിപ്പോർട്ട് ഓരോ ഉദ്യോഗസ്ഥനും ഏതെല്ലാം തീയതികളിൽ സ്വീകരിച്ചുവെന്നും ഏതൊക്കെ തീയതികളിൽ നടപടിക്രമം പൂർത്തിയാക്കി മറ്റ് ഏതൊക്കെ ജീവനക്കാർക്ക് കൈമാറിഎന്നും വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത റിപ്പോർട്ട് സി2 സെക്ഷൻ ക്ലാർക്കും സെക്ഷൻ സൂപ്രണ്ടും ഏതെല്ലാം തീയതികളിൽ സ്വീകരിച്ചു എന്നും ഓരോ പ്രാവശ്യവും തങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തി മറ്റ് ഉദ്യോഗസ്ഥർക്ക് കൈമാറാൻ എത്ര ദിവസം കൈവശം വെച്ചു എന്നും വ്യക്തമാക്കാമോ;

## കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

(ജ) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വകുപ്പ് എടുത്തിട്ടുള്ള തീരുമാനങ്ങൾ എന്തൊക്കെയെന്നറിയിക്കുമോ; തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; തീരുമാനം വൈകാൻ ഇടയായ കാരണം വിശദമാക്കുമോ; നിയമ വിരുദ്ധമായി ഫയൽ കൈവശം വെച്ച ഉദ്യോഗസ്ഥരുണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ വിശദവിവരം നൽകുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

പഞ്ചായത്തുകളിലെ നിയമനം ത്വരിതപ്പെടുത്താൻ നടപടി

3239

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ ഏതെല്ലാം തസ്തികകളാണ് പുതുതായി സൃഷ്ടിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; ഇതുവരെയായി പ്രസ്തുത തസ്തികകളിലേക്ക് എത്രപേർക്ക് നിയമനം നല്കി;

(ബി) 2013 ഏപ്രിൽ മുതൽ പങ്കാളിത്ത പെൻഷൻ പദ്ധതി നിലവിൽ വരുന്നതിനാൽ പഞ്ചായത്തു വകുപ്പിൽ പി.എസ്.സി. യുടെ അഡ്വൈസ് കൈപ്പറ്റിയ ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് അയയ്ക്കുന്നതിന് കാലതാമസം നേരിടുന്നു എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉദ്യോഗാർത്ഥികൾക്ക് എത്രയും വേഗം നിയമനം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**03.04.2013-ലെ മറുപടിക്ക്**

<u>പഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക</u>

3240 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ പുതുതായി അസിസ്റ്റന്റ് സെക്രട്ടറി തസ്തിക അനുവദിച്ച് ഉത്തരവായിട്ടുണ്ടോ;

(ബി) എല്ലാ പഞ്ചായത്തുകളിലും പ്രസ്തുത തസ്തിക അനുവദിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത തസ്തിക അനുവദിക്കപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

## അസിസ്റ്റന്റ് സെക്രട്ടറി നിയമനം സംബന്ധിച്ച മാനദണ്ഡങ്ങള്‍

3241 ശ്രീ. എം. ചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗ്രാമപഞ്ചായത്തുകളില്‍ അസിസ്റ്റന്റ് സെക്രട്ടറിയുടെ തസ്തിക അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍, അത് എന്നുമുതലാണു നിലവില്‍ വന്നതെന്നു വ്യക്തമാക്കുമോ;

(സി) അധികമായി അനുവദിച്ച ക്ലാര്‍ക്കുമാരുടെ തസ്തിക എത്രയെന്നു വ്യക്തമാക്കുമോ;

(ഡി) ഈ തസ്തികയിലേയ്ക്കു നിയമനം നടത്തിയിട്ടുണ്ടോ;

(ഇ) അസിസ്റ്റന്റ് സെക്രട്ടറി നിയമനം സംബന്ധിച്ച മാനദണ്ഡങ്ങള്‍ എന്തൊക്കെയെന്നു വ്യക്തമാക്കുമോ;

(എഫ്) പ്രൊമോഷന്‍ വഴിയാണു നിയമനമെങ്കില്‍ ഒഴിവു വരുന്ന തസ്തികയിലേയ്ക്ക് നിയമനം ഉടനെ നടത്തുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>അസിസ്റ്റന്റ് സെക്രട്ടറിമാരുടെ ചുമതലകൾ</u>

3242 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ അനുവദിച്ച അസിസ്റ്റന്റ് സെക്രട്ടറിമാരുടെ ഉത്തരവാദിത്തങ്ങളും ചുമതലകളും നിശ്ചയിച്ച് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തിരമായി അതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) പഞ്ചായത്തുകളിലെ ഹെഡ്ക്ലാർക്കുമാരുടെ ചുമതലകളെന്തെല്ലാമാണ്;

(സി) ഹെഡ്ക്ലാർക്ക് തസ്തിക ജൂനിയർ സൂപ്രണ്ടിന്റേതായി ഉയർത്താനുള്ള നിർദ്ദേശമെന്തെങ്കിലും പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ പരിഗണിക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>പഞ്ചായത്ത് വകുപ്പിലെ കണ്ടിജന്റ് തസ്തികകള്‍</u>

3243 ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പഞ്ചായത്ത് വകുപ്പില്‍ കണ്ടിജന്റ് തസ്തികകള്‍ ഉള്‍പ്പെടെ ആകെ എത്ര തസ്തികകള്‍ ഉണ്ട്; ഇവയില്‍ എത്രയെണ്ണം ഒഴിഞ്ഞുകിടക്കുന്നുവെന്ന് തസ്തികതിരിച്ചു വ്യക്തമാക്കുമോ;

(ബി) ഒഴിവുകള്‍ നികത്തുവാന്‍ സ്വീകരിച്ച നടപടികള്‍ എന്തൊക്കെയാണ്; ഈ ഒഴിവുകള്‍ അടിയന്തിരമായി നികത്തുവാന്‍ നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിൽ അനുവദിക്കപ്പെട്ട തസ്തികകൾ</u>

3244 ശ്രീ.കെ.ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിൽ ഓരോന്നിലും അനുവദിക്കപ്പെട്ട ഓവർസിയർ, അസി.എഞ്ചിനീയർ തസ്തികകൾ എത്ര എന്നും ഓരോ തസ്തികയിലും ജീവനക്കാർ എത്രയെന്നും എത്ര എണ്ണം ഒഴിഞ്ഞുകിടക്കുന്നു എന്നും പഞ്ചായത്തു തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഒഴിവുള്ള തസ്തികയിൽ നിലവിൽ പി.എസ്.സി റാങ്ക് ലിസ്റ്റ് ഇല്ലെങ്കിൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>പഞ്ചായത്ത് വകുപ്പുകളിൽ ഒഴിവുകൾ</u>

3245 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പഞ്ചായത്ത് വകുപ്പുകളിൽ എത്ര ഒഴിവുകൾ നികത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ നിലവിൽ നികത്തപ്പെടാത്ത എത്ര ഒഴിവുകൾ ഉണ്ടെന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>സാമൂഹ്യനീതി വകുപ്പിന്റെ പ്രവര്‍ത്തനം കാര്യക്ഷമമാക്കാന്‍ നടപടി</u>

3246 ശ്രീ. ഡൊമിനിക് പ്രസന്റേഷന്‍
,, സി. പി. മുഹമ്മദ്
,, കെ. ശിവദാസന്‍ നായര്‍
,, വര്‍ക്കല കഹാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള വൃദ്ധ സദനങ്ങളടക്കമുള്ളവയുടെ പ്രവര്‍ത്തനം കാര്യക്ഷമമാക്കാന്‍ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവര്‍ത്തനങ്ങള്‍ നിശ്ചിത കാലാവധിക്കുള്ളില്‍ പരിശോധിച്ച് റിപ്പോര്‍ട്ട് നല്‍കുവാന്‍ കളക്ടര്‍മാര്‍ക്ക് നിര്‍ദ്ദേശം നല്‍കുമോ ;

(സി) ആയതിനായി ഭരണതലത്തില്‍ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദാംശങ്ങള്‍ നല്‍കുമോ ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>ആശ്വാസ കിരണം പദ്ധതി</u>

3247 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമവകുപ്പിന്റെ ആശ്വാസ കിരണം പദ്ധതി പ്രകാരം ഇതു വരെ എത്ര പേർക്ക് ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ടെന്നും, ആയതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങളും ലഭ്യമാക്കുമോ ;

(ബി) ഈ പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകളിൽ തീർപ്പുകൽപ്പിക്കപ്പെടാതെ കെട്ടികിടക്കുന്ന അപേക്ഷകൾ എത്ര എണ്ണമുണ്ട് എന്നതിനെ സംബന്ധിച്ചുള്ള ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത അപേക്ഷകളിന്മേൽ ധനസഹായം നൽകാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>ആശ്രയ രണ്ടാംഘട്ട പദ്ധതി</u>

3248

ശ്രീ. എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശ്രയ പദ്ധതിയുടെ ഫലപ്രദമായ നിർവ്വഹണത്തിന് എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നല്കുമോ;

(ബി) മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതിനു ശേഷം പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ പ്രകടമായ എന്തെല്ലാം പ്രതിഫലനങ്ങളാണ് ഉണ്ടായിട്ടുള്ളത്;

(സി) ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സാധിക്കാതെ പോയിട്ടുള്ള അർഹരായവരെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ രണ്ടാംഘട്ട പദ്ധതിയിൽ അർഹരായ എത്രപേരെ ഉൾപ്പെടുത്താൻ സാധിച്ചുവെന്നറിയിക്കുമോ;

(ഡി) സാമൂഹികപ്രതിബദ്ധത നിറഞ്ഞു നില്ക്കുന്ന ആശ്രയ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളുടെ പരിപൂർണ്ണതയ്ക്കുവേണ്ടി 2013-14-ൽ എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്നറിയിക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>നിർഭയ ഷെൽട്ടർ ഹോമുകൾ</u>

3249 ശ്രീ. വി. പി. സജീന്ദ്രൻ
,, എം. പി. വിൻസെന്റ്
,, എ. റ്റി. ജോർജ്
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർഭയ ഷെൽട്ടർ ഹോമുകളുടെ പ്രവർത്തനത്തിന് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ഷെൽട്ടർ ഹോമുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് അവ പ്രവർത്തിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത ഷെൽട്ടർ ഹോമുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>'നിര്‍ഭയ' പദ്ധതി</u>

3250 ശ്രീ. എ. കെ. ബാലന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 'നിര്‍ഭയ' പദ്ധതി സാമൂഹ്യക്ഷേമ വകുപ്പു മുഖേന സംസ്ഥാനത്ത് നടപ്പാക്കി തുടങ്ങിയിട്ടുണ്ടോ;

(ബി) എങ്കില്‍, എന്തെല്ലാം പ്രവര്‍ത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ സംസ്ഥാനത്ത് നടപ്പാക്കാന്‍ പോകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) എന്നാണ് സംസ്ഥാനത്ത് ഈ പദ്ധതി ആരംഭിച്ചത്; എത്ര പെണ്‍കുട്ടികള്‍ക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്;

(ഡി) ഈ പദ്ധതിക്ക് 2012-13 ബജറ്റില്‍ എത്ര രൂപയാണ് നീക്കിവച്ചിട്ടുള്ളത്; എത്ര രൂപാ ചെലവഴിച്ചു; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>'സ്നേഹപൂർവ്വം' പദ്ധതി</u>

3251 ശ്രീ. എം. എ. വാഹീദ്
,, കെ. അച്ചുതൻ
,, കെ. മുരളീധരൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'സ്നേഹപൂർവ്വം' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) മാതാപിതാക്കൾ ഇല്ലാത്ത വിദ്യാർത്ഥികളുടെ ക്ഷേമത്തിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പദ്ധതി ഏതൊക്കെ വിദ്യാർത്ഥികൾക്കായാണ് നടപ്പാക്കി വരുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി കോളേജ് തലത്തിലേക്കും വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>പോഷകാഹാരനയം</u>

3252 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' പാലോട് രവി
'' പി. സി. വിഷ്ണുനാഥ്
'' കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോഷകാഹാരനയം രൂപീകരിക്കുവാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) പോഷകാഹാരക്കുറവു മൂലം കുട്ടികൾ രോഗഗ്രസ്തരാകുന്നതും മരണമടയുന്നതും തടയാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നയത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത നയം എന്നത്തേക്ക് പ്രഖ്യാപിക്കാനാകും; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>അനാഥാലയങ്ങൾ</u>

3253 ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ, സർക്കാരേതര അനാഥാലയങ്ങൾ ഏതെല്ലാം ജില്ലകളിൽ എത്രയെണ്ണം വീതം പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത അനാഥാലയങ്ങളുടെ നടത്തിപ്പിന് പ്രതിവർഷം സർക്കാരിൽ നിന്ന് നൽകി വരുന്ന സഹായങ്ങൾ വ്യക്തമാക്കുമോ;

(സി) ഇപ്രകാരം അനാഥാലയങ്ങളിൽ കഴിയുന്നവരുടെ ഉന്നമനത്തിന് ഈ സർക്കാർ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(ഡി) 2013- 14 സാമ്പത്തിക വർഷം നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>ജാതിസംഘടനകളുടെ പ്രവർത്തനം</u>

3254 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജാതി സംഘടനകളുടെ പ്രവർത്തനം ഊർജ്ജിതമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ കാര്യകാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് നിലവിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന എത്ര ജാതി സംഘടനകളുണ്ടെന്നും അവ ഏതൊക്കെയെന്നുമുളള വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>സാമൂഹ്യക്ഷേമ പെന്‍ഷനുകള്‍</u>

3255

ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2013-2014 സാമ്പത്തിക വര്‍ഷത്തെ ബഡ്ജറ്റില്‍ ഏതെല്ലാം സാമൂഹ്യക്ഷേമ പെന്‍ഷനുകളാണ് എത്ര രൂപ വെച്ച് വര്‍ദ്ധിപ്പിച്ചതെന്ന് വിശദമാക്കാമോ;

(ബി) പെന്‍ഷന്‍ തുക വര്‍ദ്ധിപ്പിച്ച ഇനത്തില്‍ സര്‍ക്കാരിന് എത്ര അധിക ബാധ്യതയുണ്ടാകുമെന്ന് വിശദമാക്കാമോ;

(സി) നിലവില്‍ ഓരോ സാമൂഹ്യക്ഷേമ പെന്‍ഷനുകളുടെയും എത്ര ഗഡു വീതം, എത്ര തുകയുടെ കുടിശ്ശികയുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

ബഡ്സ് സ്കൂളുകൾ

3256 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നതിന് നടപടിക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യം വ്യക്തമാക്കാമോ;

(സി) ബഡ്സ് സ്കൂളുകളിലെ പരിചാരകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് അനുവദിച്ചിട്ടുള്ളത്;

(ഡി) ബഡ്സ് സ്കൂളിലെ പരിചാരകരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്ന കാര്യം പരിഗണിക്കാമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

വീറ്റ് ബേസ്ഡ് ന്യൂട്രീഷ്യന്‍ പദ്ധതി

3257 ശ്രീ. ഇ. പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഐ. സി. ഡി. എസ് പദ്ധതിയിന്‍ കീഴിലുള്ള വീറ്റ് ബേസ്ഡ് ന്യൂട്രീഷ്യന്‍ പദ്ധതി പ്രകാരം 2012-2013 സാമ്പത്തിക വര്‍ഷം സംസ്ഥാനത്തിന് എത്ര മെട്രിക് ടണ്‍ അരിയും എത്ര മെട്രിക് ടണ്‍ ഗോതമ്പും ലഭിച്ചുവെന്നു വ്യക്തമാക്കുമോ;

(ബി) നാളിതുവരെ എഫ്. സി.ഐ ഗോഡൗണുകളില്‍ നിന്നും എത്ര മെട്രിക് ടണ്‍ അരിയും ഗോതമ്പും അംഗന്‍വാടികളില്‍ വിതരണം ചെയ്യുവാന്‍ എടുത്തിട്ടുണ്ടെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്കുകള്‍ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

ജെൻഡർ പാർക്കുകൾ

3258 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജെൻഡർ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) ആദ്യഘട്ടത്തിൽ ഇവ എവിടെയെല്ലാമാണ് സ്ഥാപിക്കുന്നത് ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>എൽഡർ പാർക്കുകൾ</u>

3259 ശ്രീ. വി. എസ്. സുനിൽ കുമാർ
ശ്രീമതി. ഗീതാ ഗോപി
,, ഇ. എസ്. ബിജിമോൾ
ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൽഡർ പാർക്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ബി) കേരളത്തിൽ എത്ര എൽഡർ പാർക്കുകൾ ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിരുന്നത്; എത്രയെണ്ണം ആരംഭിച്ചു; നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>സോഷ്യൽ സെക്യൂരിറ്റി മിഷൻ</u>

3260 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരന്തമേഖലകളിൽ കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്നു വ്യക്തമാക്കുമോ;

(ബി) 2012-13 സാമ്പത്തിക വർഷത്തിൽ ഇതിനായി എത്ര തുക നീക്കിവച്ചുവെന്നും ഇതിനോടകം എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുന്നുണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) എൻഡോസൾഫാൻ ദുരന്തമേഖലകളിൽ പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>സോഷ്യൽ സെക്യൂരിറ്റി മിഷൻ</u>

3261 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷൻ നിർധന രോഗികൾക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) 2012-13 വർഷത്തിൽ പദ്ധതി പ്രകാരം എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സോഷ്യൽ സെക്യൂരിറ്റി മിഷന്റെ പ്രവർത്തനങ്ങൾ മേഖലാടിസ്ഥാനത്തിലോ ജില്ലാടിസ്ഥാനത്തിലോ വികേന്ദ്രീകരിച്ചിട്ടുണ്ടോയെന്നും അതു സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

സാമൂഹ്യ സുരക്ഷാ മിഷൻ

3262 ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷാമിഷനിൽ നിന്നും ഇതുവരെ എത്ര പേർക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സാമൂഹ്യസുരക്ഷാമിഷനിൽ നിന്നും ഏതൊക്കെ വിഭാഗത്തിൽപ്പെട്ടവർക്കാണ് ധനസഹായം നലകുന്നതെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതിക്കായി ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്നും ഇത് ഏതെല്ലാം ജില്ലകൾക്കാണെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>സൈക്കോ സോഷ്യൽ സർവ്വീസ് പ്രോഗ്രാം</u>

3263 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിലെ സൈക്കോ സോഷ്യൽ സർവ്വീസ് പ്രോഗ്രാമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഈ പ്രോഗ്രാം നടപ്പാക്കുന്നതു സംബന്ധിച്ച് സർക്കാർ കൺസപ്റ്റ് നോട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ;

(സി) എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത പ്രോഗ്രാം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>സാമൂഹ്യ സുരക്ഷാ മിഷന്‍ ബൈലാ</u>

3264 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷന്‍ ബൈലാ പ്രകാരം മതിയായ യോഗ്യതയുള്ള എക്സിക്യൂട്ടീവ് ഡയറക്ടറാണോ നിലവില്‍ സുരക്ഷാ മിഷന്റെ ചുമതല വഹിക്കുന്നത് ;

(ബി) ഇപ്പോഴുള്ള എക്സിക്യൂട്ടീവ് ഡയറക്ടര്‍ മിഷന്‍ ചുമതല ഏല്‍ക്കുന്നതിനുമുമ്പ് മറ്റ് ഏതെങ്കിലും സര്‍ക്കാര്‍ സ്ഥാപനത്തിന്റെ സംസ്ഥാനതല ചുമതല വഹിച്ചിട്ടുണ്ടോ;

(സി) എങ്കില്‍ പ്രസ്തുത നിയമ ഉത്തരവിന്റെ പകര്‍പ്പും മറ്റു വിശദാംശങ്ങളും ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>ദത്തെടുക്കൽ മാനദണ്ഡങ്ങൾ</u>

3265 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുഞ്ഞുങ്ങളെ ദത്ത് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ദത്ത് ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകൾ തീർപ്പ് കൽപ്പിക്കാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) 2013 വർഷത്തിൽ എത്ര കുഞ്ഞുങ്ങളെ ദത്ത് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>വികലാംഗരുടെ പ്രശ്നങ്ങൾ</u>

3266 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികലാംഗരുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഇവ പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണു സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കുമോ;

(സി) വികലാംഗർ അംഗങ്ങളായ കുടുംബങ്ങൾക്ക് ബി.പി.എൽ. കാർഡ് അനുവദിക്കുവാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ;

(ഡി) എങ്കിൽ, ഇതു ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതിലെ കാലതാമസത്തിനു കാരണം വ്യക്തമാക്കുമോ;

(ഇ) വികലാംഗപെൻഷൻ ബാങ്കുകളിലൂടെ വിതരണം ചെയ്യാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ, അവശരും രോഗികളുമായ വികലാംഗർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത്, ഇതു പുന:പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) എത്ര ശതമാനം വികലാംഗത്വം ഉള്ളവർക്കാണു പെൻഷൻ നൽകുന്നത്;

(ജി) വികലാംഗപെൻഷൻ കുടിശ്ശികയായിട്ടുണ്ടോ;

(എച്ച്) എങ്കിൽ, ഈ തുക എത്രയെന്നും, എന്നുമുതൽ നൽകുവാനുണ്ടെന്നും വ്യക്തമാക്കുമോ; ഇത് എന്നത്തേയ്ക്കു നൽകുവാൻ സാധിക്കുമെന്നു വെളിപ്പെടുത്തുമോ;

(ഐ) നിർദ്ധനവികലാംഗകുടുംബത്തിനു വീടുവെയ്ക്കാൻ ധനസഹായം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ നൽകുമോ; ഇതിനർഹതയുള്ള കുടുംബങ്ങളുടെ ബാഹുല്യം കണക്കിലെടുത്ത്, ധനസഹായം ലഭിക്കുന്ന കുടുംബങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

വികലാംഗർക്ക് വാഹനം വാങ്ങുന്നതിനുള്ള സഹായം

3267

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികലാംഗർക്ക് വാഹനങ്ങൾ വാങ്ങുന്നതിന് സർക്കാർ ഇപ്പോൾ എന്തൊക്കെ പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളത് ; ഏതൊക്കെ വാഹനങ്ങളാണ് ഇവർക്ക് വാങ്ങുവാൻ അർഹതയുള്ളത്; വിശദാംശം നൽകുമോ ;

(ബി) വാഹനങ്ങൾ വാങ്ങുന്നതിന് എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കുന്നത് ; ഇത് സംബന്ധിച്ച അപേക്ഷകൾ നൽകേണ്ടത് എവിടെയാണ് ; വ്യക്തമാക്കാമോ ;

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>ലൈംഗിക പീഡനത്തിന് ഇരയാകുന്നവർക്ക് സഹായപദ്ധതി</u>

3268 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലൈംഗിക പീഡനത്തിന് ഇരയാകുന്നവർക്ക് സഹായം നൽകുന്ന എന്തെങ്കിലും പദ്ധതികൾ നിലവിൽ ഉണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ സഹായങ്ങൾ ആണ് നൽകുന്നത്;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം പീഡനത്തിന് ഇരയായ എത്ര പേർക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ട്;

(ഡി) ഇവരുടെ ജില്ല തിരിച്ചുളള കണക്ക് ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>സാമൂഹ്യക്ഷേമ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളും അന്തേവാസികളും</u>

3269

ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സാമൂഹ്യക്ഷേമ വകുപ്പിനു കീഴിലുള്ള ഗവൺമെന്റ് ഗേൾസ് ഹോം, ബോയ്സ് ഹോം, മഹിളാ മന്ദിരം, ആഫ്റ്റർ കെയർ ഹോം, ഷോർട്ട് സ്റ്റേ ഹോം, ജുവനൈൽ ഹോം മുതലായ സ്ഥാപനങ്ങളിലെ അന്തേവാസികളുടെ സ്ഥാപനം തിരിച്ചുള്ള വിശദമായ കണക്ക് ലഭ്യമാക്കാമോ;

(ബി) ഇത്തരം സ്ഥാപനങ്ങളിൽ വിവാഹ പ്രായമായ എത്ര പെൺകുട്ടികൾ ഉണ്ടെന്നുള്ള കണക്ക് നൽകാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിവാഹ പ്രായമെത്തിയ പെൺകുട്ടികൾക്ക് വിവാഹ ധനസഹായമായി എത്ര രൂപയാണ് നൽകി വരുന്നത്;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിലെ വിവാഹിതരായ എത്ര പേർക്ക് ഈ സർക്കാരിന്റെ കാലത്ത് പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി വീട് നൽകിയെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>വർക്കിംഗ് വിമൻസ് ഹോസ്റ്റൽ</u>

3270 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രധാനപ്പെട്ട ടൗണുകളിൽ, ഉദ്യോഗസ്ഥകൾക്കും, പെൺകുട്ടികൾക്കുമായി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ തുടങ്ങുന്നതിനായി സാമൂഹ്യക്ഷേമ വകുപ്പ് ഏതെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിരുന്നോ;

(ബി) ഇതുപ്രകാരം ഏതൊക്കെ സ്ഥലങ്ങളിൽ ഇത്തരം വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ നിർമ്മിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(സി) റാന്നിയിൽ ഇത്തരം ഒരു വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

നാടോടികൾക്ക് ഷെൽറ്ററുകൾ നിർമ്മിച്ചു നൽകുന്നത് സംബന്ധിച്ച്

3271

ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരൂരിൽ മൂന്നു വയസ്സുള്ള നാടോടിക്കുട്ടിയെ പീഡിപ്പിച്ച പശ്ചാത്തലത്തിൽ നാടോടികൾക്ക് തങ്ങാനായി സൗകര്യം ഒരുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എപ്രകാരമുള്ള നടപടികൾക്കാണ് രൂപം നൽകിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) നിലവിലുള്ള വൃദ്ധസദനങ്ങളും മറ്റും പോലെ ഔദ്യോഗിക നടപടിക്രമങ്ങൾ ഇവിടെ പാലിക്കാതിരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) നാടോടികളിൽ മിക്കവരും മാനസികാരോഗ്യ പ്രശ്നങ്ങളുള്ളവരാണെന്ന് കരുതുന്നുണ്ടോ;

(ഇ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നാടോടികൾക്ക് തങ്ങാനായി ഷെൽറ്ററുകൾ നിർമ്മിച്ച് പോലീസ് നിരീക്ഷണം ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(എഫ്) എത്ര നാടോടികൾ സംസ്ഥാനത്ത് ഇപ്പോൾ തങ്ങുന്നുവെന്നാണ് കണക്കാക്കിയിട്ടുള്ളത്?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>വനിതാ കമ്മീഷന് സ്വമേധയാ നടപടി സ്വീകരിക്കാൻ അധികാരം</u>

3272

ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കെതിരെയുണ്ടായ അതിക്രമങ്ങളെ സംബന്ധിച്ച് വനിതാ കമ്മീഷന് സ്വമേധയാ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട നിയമത്തിന്റെ 17(ബി) അനുശാസിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വനിതാ കമ്മീഷൻ സ്വമേധയാ നടപടി സ്വീകരിച്ച, സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>കൽപ്പറ്റയിലെ തുർക്കി ജീവൻ രക്ഷാ സമിതി</u>

T. 3273 ശ്രീ. എം.വി ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റയിൽ പ്രവർത്തിക്കുന്ന തുർക്കി ജീവൻ രക്ഷാ സമിതിക്ക് ധനസഹായം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിവേദത്തിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;ആയതിന്റെ ഫയൽ നമ്പർ ലഭ്യമാക്കുമോ;

(സി) തുർക്കി ജീവൻ രക്ഷാ സമിതിക്ക് ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>കരമന ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥിനികൾ സമർപ്പിച്ച പരാതി</u>

3274 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കരമന ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥിനികൾ 01.01.2013ന് പൂജപ്പുര ശിശുക്ഷേമ സമിതി ചെയർമാന് നൽകിയ പരാതിയിന്മേൽ കുറ്റക്കാരായ അദ്ധ്യാപികമാർക്കെതിരെ അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) അന്വേഷണ റിപ്പോർട്ടിന്റെ പൂർണ്ണ പകർപ്പ് ലഭ്യമാക്കാമോ .

(സി) പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടീച്ചർമാരായ ശോഭ, ദീപ, പ്രീത, മഞ്ജു, അനില, വദന എന്നിവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

ആർ.ഐ.ഡി.എഫിൽ ഉൾപ്പെടുത്തിയ
അംഗൻവാടികളുടെ നിർമ്മാണം

3275 ശ്രീ. ബി.ഡി.ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ്, ആർ.ഐ.ഡി.എഫിൽ ഉൾപ്പെടുത്തി കെട്ടിടനിർമ്മാണത്തിനായി ചാലക്കുടി മണ്ഡലത്തിൽ നിന്നും ഏതെല്ലാം അംഗൻവാടികളെയാണ് നിശ്ചയിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) ഇവയുടെ നിർമ്മാണം എന്നേയ്ക്ക് ആരംഭിക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

മാതൃകാ അംഗൻവാടി

3276 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓരോ നിയോജക മണ്ഡലത്തിലും ഓരോ മാതൃകാ അംഗൻവാടിയെന്ന 2012-13 ലെ ബജറ്റ് പ്രഖ്യാപനം സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് എത്ര മാതൃകാ അംഗൻവാടികൾ ഇതിനകം സ്ഥാപിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(സി) എത്ര അംഗൻവാടികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) മാതൃകാ അംഗൻവാടിയിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ പദ്ധതിക്കായി കഴിഞ്ഞ ബജറ്റിൽ എത്ര തുകയാണ് നീക്കിവച്ചിരുന്നത്. അതിൽ എത്ര രൂപ ചെലവഴിച്ചു ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ മാതൃകാ അംഗൻവാടികൾ</u>

3277 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ അംഗൻവാടികളാണ് മാതൃകാ അംഗൻവാടികളായി അനുവദിച്ചിട്ടുള്ളത്;

(ബി) ആയത് മണ്ഡലം അടിസ്ഥാനത്തിലുള്ള പേരുവിവരങ്ങൾ ഉൾപ്പെടെ വിശദമാക്കാമോ;

(സി) കൂടുതൽ അംഗൻവാടികൾ മാതൃകാ അംഗൻവാടികളാക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

നഗരൂർ ഗ്രാമപഞ്ചായത്തിന് അനുവദിച്ച മാതൃകാ അംഗൻവാടി

3278 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരൂർ ഗ്രാമപഞ്ചായത്തിന് അനുവദിച്ച മാതൃകാ അംഗൻവാടി എന്നത്തേയ്ക്ക് നിർമ്മാണപ്രവർത്തനമാരംഭിയ്ക്കും;

(ബി) മാതൃകാ അംഗൻവാടി പദ്ധതി 2013-14 വർഷവും തുടരുമോ;

(സി) ഒരു മാതൃകാ അംഗൻവാടിയ്ക്ക് എന്ത് തുകയാണ് ചെലവ് വരുന്നത്;

(ഡി) ഇതിൽ എത്രയാണ് എം.എൽ.എ ഫണ്ടിൽ നിന്നും ലഭ്യമാക്കേണ്ടത്; വിശദമാക്കാമോ ?

**കേരള നിയമസഭ**
**03.04.2013-ലെ മറുപടിക്ക്**

ചെറുതാഴത്തെ മാതൃകാഅംഗൻവാടി

3279

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിൽ മാതൃകാ അംഗൻവാടി നിർമ്മിക്കുന്നതിന് ശുപാർശ ചെയ്ത് സമർപ്പിച്ച അപേക്ഷയിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇതിന്റെ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയും ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

അംഗൻവാടി ജീവനക്കാർക്ക് വേതനം വർദ്ധിപ്പിക്കാൻ നടപടി

3280 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി ജീവനക്കാർക്ക് മിനിമം വേതനം ഏർപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അംഗൻവാടി ജീവനക്കാർക്ക് ഇപ്പോൾ ലഭിച്ചുവരുന്ന തുച്ഛമായ വേതനം വർദ്ധിപ്പിക്കാൻ ആലോചനയുണ്ടോ?

## കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>വൈക്കം നിയോജക മണ്ഡലത്തിലെ അംഗൻവാടികൾ</u>

3281 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലും വൈക്കം നിയോജകമണ്ഡലത്തിലും ആകെ എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുവെന്നും ഇതിൽ എത്ര അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) വൈക്കം നിയോജകമണ്ഡല പരിധിയിൽ സ്വന്തമായി സ്ഥലമുള്ള എത്ര അംഗൻവാടികൾക്കാണ് കെട്ടിടം ഇല്ലാത്തത് എന്ന് വ്യക്തമാക്കുമോ ;

(സി) കെട്ടിടം ഇല്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം പണിയാനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>അംഗൻവാടികളിലെ സൂപ്പർവൈസർ ഒഴിവുകൾ</u>

3282 ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്; അംഗൻവാടികളുടെ എണ്ണത്തിന് ആനുപാതികമായി സൂപ്പർവൈസർമാരുടെ ഒഴിവുകൾ നികത്തപ്പെട്ടിട്ടുണ്ടോ;

(ബി) അംഗൻവാടി വർക്കേഴ്സിന് നീക്കിവച്ചിട്ടുള്ള സൂപ്പർവൈസർ ക്വാട്ട പ്രകാരമുള്ള ഒഴിവുകൾ നികത്തുന്നതിന് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) നിലവിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർമാരുടെ എത്ര ഒഴിവുകളാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്;

(ഡി) ഏറ്റവും ഒടുവിൽ പ്രസ്തുത ഒഴിവുകൾ പി.എസ്.സിക്ക് എന്നാണ് റിപ്പോർട്ടു ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 മാർച്ച് 25.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്. [ ചട്ടം 47(1)].

'T' ഇന്നത്തേക്ക് മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.